# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2418 01.04.2013-ൽ മറുപടിക്ക്**

**ജലനിധി രണ്ടാംഘട്ട പദ്ധതി**

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) 2012-13 വർഷത്തിൽ ജലവിഭവ വകുപ്പ് മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിൽ ജലനിധി പദ്ധതിയിലൂടെ കോഴിക്കോട് ജില്ലയിൽ ബാച്ച് 1 ൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത താമരശ്ശേരി, ചെറുവണ്ണൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ വർഷം ജലനിധി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ; | (ബി) | ജലനിധി രണ്ടാം ഘട്ടത്തിൽ ബാച്ച് 1 ൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത 22 ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണ ഘട്ടം പുരോഗമിച്ച വരുന്നു. ബാച്ച് 2 ൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ ഓഡിറ്റ് ക്ലിയറൻസ് ലഭിച്ച പഞ്ചായത്തുകളുമായി എഗ്രിമെന്റുകൾ ഒപ്പ് വെയ്ക്കുകയും പദ്ധതിയുടെ ആസൂത്രണ ഘട്ട പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ, മണിയൂർ, കീഴരിയൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഇതിൽ പ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | 2013-14 വർഷത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ? | (സി) | ജലനിധി പദ്ധതിയിൽ 90 ഓളം പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ